**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **12-12-2022 - ൽ മറുപടിയ്ക്ക്**

**ശുചിത്വ മിഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരുവിക്കര നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ ശുചിത്വ മിഷൻ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ; | (എ) | ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അജൈവ പാഴ് വസ്തു ശേഖരണം സംഭരണം, സംസ്കരണത്തിനായി അവയുടെ നീക്കം ചെയ്യൽ എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ പിന്തുണ സഹായങ്ങൾ ശുചിത്വമിഷൻ നൽകി വരുന്നു ഇതിന്റെ ഭാഗമായി ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചിട്ടുള്ളതും ആയത് കൂടുതൽ ക്രമീകൃതമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇതിനായി മിനി എം.സി.എഫ്, മെറ്റീരിയൽ കളക്ഷൻ സംവിധാനങ്ങൾ, റിസോഴ്സ് റിക്കവറി സംവിധാനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൂർത്തീകരണ ഘട്ടത്തിൽ എത്തിയിട്ടുണ്ട് നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മിനി എം.സി.എഫുകളും വെള്ളനാട് ഒഴികെയുള്ള പഞ്ചായത്തുകളിൽ എം.സി.എഫുകളും സജ്ജമായിട്ടുള്ളതും കാര്യക്ഷമമമായി പ്രവർത്തിച്ചു വരുന്നുമുണ്ട്.<br><br>ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് വാഹന സൗകര്യം ശുചിത്വമിഷൻ പദ്ധതി മുഖേന ആര്യനാട് അരുവിക്കര പഞ്ചായത്തുകളിൽ ലഭ്യമായിട്ടുണ്ട് വാഹനം വാങ്ങുന്നതിനുള്ള പദ്ധതി പൂവച്ചൽ |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് നടപ്പുവർഷം ഏറ്റെടുത്ത നടപ്പിലാക്കി വരുന്നുണ്ട്.<br><br>വ്യക്തിഗത ടോയ് ലറ്റ് പദ്ധതികൾ<br><br>സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ ആര്യനാട് അരുവിക്കര, തൊളിക്കോട് എന്ന് ഗ്രാമപഞ്ചായത്തുകളിലായി 67 വീടുകൾക്ക ശുചിമുറി സൗകര്യം കഴിഞ്ഞ 2 വർഷക്കാലയളവിനുള്ളിൽ നൽകിയിട്ടുണ്ട്.<br><br>വഴിയിടം - ടേക്ക് എ ബ്രേക്ക്<br><br>ഉന്നതനിലവാരത്തിലുള്ള പൊതുശുചിമുറികൾ പാതയോരങ്ങളിൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും ടേക്ക് എ ബ്രേക്ക് പദ്ധതി ഏറ്റെടുത്തിട്ടുള്ളതും 3 പഞ്ചായത്തുകളിലായി (ആര്യനാട്, വെള്ളനാട് പൂവച്ചൽ) 4 എണ്ണം പൂർത്തിയായിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്കായി നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയും പ്രവർത്തന പുരോഗതിയും അറിയിക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ശുചിത്വമിഷൻറെ വിവിധ പദ്ധതികളുടെ ഭാഗമായി അരുവിക്കര നിയോജക മണ്ഡലത്തിൽ 3729940/- രൂപ (മുപ്പത്തിയേഴ് ലക്ഷത്തി ഇരുപത്തി ഒന്പതിനായിരത്തി തൊള്ളായിരത്തിനാല്പത് രൂപ) ചെലവഴിച്ചിട്ടുണ്ട്.<br><br>ആയതിന്റെ വിശദാംശം, പ്രവർത്തന പുരോഗതി എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അരുവിക്കര നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച തുകയുടെ വിശദാംശം, പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച റിപ്പോർട്ട്

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ആകെ അനുവദിച്ച തുക | പ്രവർത്തന പുരോഗതി |
|---|---|---|
| അരുവിക്കര | 1766358 | ആകെ 1766358/- രൂപയിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്കായി 1284164/- രൂപയും, ഇലക്ട്രിക് വെഹിക്കിൾ വാങ്ങിയതിന് 314194/- രൂപയും, വ്യക്തിഗതടോയ്‌ലറ്റിന് 168000/- രൂപയും ചെലവായിട്ടുണ്ട്. |
| ആര്യനാട് | 843506 | ആകെ 843506/- രൂപയിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്കായി 65695/- രൂപയും, ഇലക്ട്രിക് വെഹിക്കിൾ വാങ്ങിയതിന് 309811/- രൂപയും, വ്യക്തിഗത ടോയ്‌ലറ്റിന് 468000/- രൂപയും ചെലവായിട്ടുണ്ട്. |
| തൊളിക്കോട് | 582158 | 582158/- രൂപയിൽ എം.സി.എഫ് ന് 414158/- രൂപയും, വ്യക്തിഗതടോയ്‌ലറ്റിന് 168000/- രൂപയും ചെലവായിട്ടുണ്ട്. |
| വെള്ളനാട് | 537918 | 537918/- രൂപ ടേക്ക് എ ബ്രേക്ക് പദ്ധതിയ്ക്കായി ചെലവായിട്ടുണ്ട്. |
| ആകെ | 3729940 | |

Scanned with CamScanner